**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1977** **02-02-2024 - ൽ മറുപടിയ്ക്ക്**

**കെടാവിളക്ക് സ്കോളർഷിപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ. പി. കെ. ബഷീർ,<br>ശ്രീ. പി. ഉബൈദുള്ള ,<br>ശ്രീ. നജീബ് കാന്തപുരം** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന നടപ്പാക്കുന്ന കെടാവിളക്ക് സ്കോളർഷിപ്പ് പദ്ധതിയിൽ നിന്നും മുസ്ലീം, ക്രിസ്ത്യൻ വിഭാഗങ്ങളെ ഒഴിവാക്കിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കി വന്നിരുന്ന ഒ.ബി.സി. പ്രീമെട്രിക് സ്കോളർഷിപ്പ്പദ്ധതിയിൽ ന്യൂനപക്ഷ സമുദായങ്ങളെ ഉൾപ്പെടുത്തിയിരുന്നില്ല. സംസ്ഥാനത്തെ ന്യൂനപക്ഷ ഇതര ഒ.ബി.സി. വിഭാഗങ്ങൾക്കായി പിന്നാക്ക വിഭാഗ വികസന വകുപ്പ് കേന്ദ്ര സർക്കാർ സഹായത്തോടെ നടപ്പിലാക്കി വന്നിരുന്ന ഒ.ബി.സി. പ്രീമെട്രിക് സ്കോളർഷിപ്പ് പദ്ധതി 1 മുതൽ 10 വരെയുള്ള ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്കായിരുന്നു നൽകി വന്നിരുന്നത്. എന്നാൽ കേന്ദ്ര സർക്കാർ 1 മുതൽ 8 വരെയുള്ള ക്ലാസ്സുകളിലെ വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ് നിർത്തലാക്കുകയും 9, 10 ക്ലാസ്സ് വിദ്യാർത്ഥികൾക്ക് മാത്രമായി പരിമിതപ്പെടുത്തുകയും ചെയ്തു. തുടർന്ന് 1 മുതൽ 8 വരെ ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്കായി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് കെടാവിളക്ക്. നേരത്തെയുള്ള പദ്ധതിയുടെ ഗുണഭോക്തൃ സമുദായങ്ങളെ മാത്രമാണ് പുതിയ പദ്ധതിയിലും ഉൾക്കൊള്ളിച്ചിട്ടുള്ളത്. ഒരു വിഭാഗത്തെയും ഒഴിവാക്കിയിട്ടില്ല. ന്യൂനപക്ഷ വിഭാഗങ്ങൾക്ക് സമാന രീതിയിൽ ന്യൂനപക്ഷ സ്കോളർഷിപ്പ് പദ്ധതി നടപ്പാക്കി വന്നിരുന്ന സാഹചര്യത്തിലാണ് പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ ഒ.ബി.സി. പ്രീമെട്രിക് സ്കോളർഷിപ്പ് പദ്ധതിയിൽ ഒ.ബി.സി. വിഭാഗത്തിൽ ഉൾപ്പെട്ട ന്യൂനപക്ഷങ്ങളെ പരിഗണിക്കാതിരുന്നത്. കേന്ദ്ര പദ്ധതിക്ക് പകരം സംസ്ഥാന പദ്ധതി നടപ്പാക്കിയപ്പോൾ തൽസ്ഥിതി തുടരുകയാണുണ്ടായത്. |
| (ബി) | ഒന്നു മുതൽ എട്ടുവരെ ക്ലാസുകളിൽ പഠിക്കുന്ന ന്യൂനപക്ഷവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ പ്രസ്തുത സ്കോളർഷിപ്പ് പദ്ധതി പ്രകാരം അപേക്ഷകൾ | (ബി) | സാമ്പത്തിക ബാധ്യത പൂർണ്ണമായും സംസ്ഥാന സർക്കാർ ഏറ്റെടുത്ത് നടപ്പാക്കുമ്പോൾ പ്രസ്തുത പദ്ധതിയുടെ പേര്, ബജറ്റ് ഫണ്ട് പാറ്റേൺ |

| | | | |
|---|---|---|---|
| | സമർപ്പിക്കേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ കാരണം വിശദമാക്കുമോ; | | എന്നിവയിൽ മാത്രമാണ് മാറ്റമുണ്ടായത്. ഗുണഭോക്താക്കളിലോ, പദ്ധതി നടത്തിപ്പ് രീതിയിലോ മാറ്റമില്ല. പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന മുൻപ് നടപ്പാക്കിയിരുന്ന ഒ.ബി.സി. പ്രീമെട്രിക് സ്കോളർഷിപ്പ് പദ്ധതിയിൽ ന്യൂനപക്ഷ സമുദായങ്ങൾ ഉൾപ്പെട്ടിരുന്നില്ല. ആയതിനാൽ തന്നെ ഒ.ബി.സി. പ്രീമെട്രിക് സ്കോളർഷിപ്പിന്റെ തുടർച്ചയായി പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന നടപ്പാക്കുന്ന കെടാവിളക്ക് സ്കോളർഷിപ്പ് പദ്ധതിയിലും ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ അപേക്ഷകൾ സമർപ്പിക്കേണ്ടതില്ലെന്ന് വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിരുന്നു. |
| (സി) | എല്ലാ പിന്നാക്ക വിഭാഗങ്ങളെയും ഉൾപ്പെടുത്തി പ്രസ്തുത പദ്ധതി പുന:ക്രമീകരിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | ന്യൂനപക്ഷ വിഭാഗത്തിൽ ഉൾപ്പെട്ട എല്ലാ സമുദായങ്ങളും പിന്നാക്ക വിഭാഗത്തിൽ ഉൾപ്പെട്ടവരല്ല. ആയതിനാൽ തന്നെ ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിക്കുന്നത് ന്യൂനപക്ഷ വകുപ്പിന്റെ പിരിധിയിൽ വരുന്ന കാര്യമാണ്. |

സെക്ഷൻ ഓഫീസർ